"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ ശ്രീ. സി. അബ്ദുറഹിമാന്റെ ഹൃദയ സംബന്ധമായ അസുഖത്തിന്റെ ചികിൽസക്കായി 1,68,000/- രൂപ കോർപ്പറേഷന്റെ തനതു ഫണ്ടിൽനിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.807/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/04/2020

---

പരാമർശം:- 1 കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 25/02/2019 -ലെ ഡി1/5500/19 നം. കത്തും 18-02-2019 ലെ കൗൺസിൽ തീരുമാനവും.

2 നഗര കാര്യഡയറക്ടറുടെ 18/11/2019 ലെ എൽ-4862/19 നം. കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ ശ്രീ. സി. അബ്ദു റഹിമാന്റെ ഹൃദയ സംബന്ധമായ അസുഖത്തിന് ചികിൽസക്കായി ചെലവായ 1,68,000/- രൂപ ചികിൽസാ സഹായമായി അനുവദിക്കണമെന്ന് പരാമർശം(1) പ്രകാരം കോഴിക്കോട് നഗരസഭ സെക്രട്ടറി ആവശ്യപ്പെട്ടു. കൗൺസിലറുടെ അപേക്ഷയും ചികിൽസാ രേഖകളും ലഭ്യമാക്കിയിരുന്നു. പരാമർശം (2) ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിലേക്ക് ഇക്കാര്യം ശുപാർശ ചെയ്യുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗര കാര്യഡയറക്ടറുടെ ശുപാർശ, കോർപ്പറേഷൻ കൗൺസിൽ തീരുമാനം, ചികിൽസാ രേഖകൾ, എന്നിവയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർ ശ്രീ. സി. അബ്ദുറഹിമാന് ചികിത്സയ്ക്ക് ചെലവായ 1,68000/-രൂപ (ഒരു ലക്ഷത്തി അറുപത്തിഎണ്ണായിരം രൂപ) കോർപ്പറേഷന്റെ തനതുഫണ്ടിൽനിന്നും നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ .എസ് .കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കോഴിക്കോട് നഗരസഭ, കോഴിക്കോട്.

മേയർ, കോഴിക്കോട് നഗരസഭ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ